പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം.
04712323198, email-jdacad@gmail.com

**നം.എസിഡിഎസ്.പി.സി(2)/244565/2022/എച്ച്.എസ്.ഇ** **തീയതി.** 17/02/2023

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- നിരന്തരമൂല്യ നിർണ്ണയം-മാതൃകാ ചോദ്യപേപ്പർ അപ്ലോഡ് ചെയ്യുന്നത് -സംബന്ധിച്ച്.

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി അധ്യാപകർക്കായി നടത്തിയ ഏകദിന ക്ലസ്റ്റർ പരിശീലനം 2023 ഫെബ്രുവരി മാസം 8 ന് കഴിഞ്ഞിരുന്നു. അതിന്റെ ഭാഗമായി തയ്യാറാക്കാൻ നിർദ്ദേശിച്ചിരുന്ന സാമ്പിൾ ചോദ്യപേപ്പറുകൾ https://questionpool.scert.kerala.gov.in എന്ന വെബ്സൈറ്റിലേക്ക് 2023 ഫെബ്രുവരി 20 നകം അപ്ലോഡ് ചെയ്യാൻ എല്ലാ ഡി.ആർ.ജി മാരും ശ്രദ്ധിക്കേണ്ടതാണ്. എല്ലാ അധ്യാപകരും തങ്ങളുടെ ടീം ഉണ്ടാക്കിയ സാമ്പിൾ ചോദ്യപേപ്പറുകൾ ഉടൻ തന്നെ ഡി.ആർ.ജി മാരക്ക് പി.ഡി.എഫ് ഫയലായി കൈമാറേണ്ടതാണ്. ഇക്കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയാലേ കുട്ടികൾക്കും അധ്യാപകർക്കും സാമ്പിൾ ചോദ്യപേപ്പറുകൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. പലവിഷയങ്ങളിലും ധാരാളം ചോദ്യപേപ്പറുകൾ ലഭ്യമാകുമെന്നതിനാൽ കുട്ടികൾക്ക് വലിയൊരു ചോദ്യശേഖരം തന്നെ ഇതുവഴി ലഭിക്കുന്നതാണ്. എല്ലാ അധ്യാപകരും കുട്ടികൾക്ക് ക്വസ്റ്റ്യൻ പൂളിന്റെ വെബ്സൈറ്റ് പരിചയപ്പെടുത്തേണ്ടതും വിവിധ ചോദ്യപേപ്പറുകൾ ഡൗൺലോഡ് ചെയ്യുന്നതിന് സഹായിക്കേണ്ടതുമാണ്. 2023 ഫെബ്രുവരി 21 മുതൽ ചോദ്യപേപ്പർ ശേഖരം കുട്ടികൾക്കും അധ്യാപകർക്കുമായി ലഭ്യമാക്കുന്നതാണെന്ന് അറിയിക്കുന്നു.

**ഒപ്പ്**
**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**

പകർപ്പ് :

എല്ലാ ആർ.ഡി.ഡി മാർക്കും
എല്ലാ പ്രിൻസിപ്പൽ മാർക്കും
എല്ലാ ഡി.ആർ.ജി മാർക്കും